## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2393** | **18/02/2016-ൽ മറുപടിക്ക്**

### ചികിത്സാ സമ്പ്രദായങ്ങളുടെ സംയോജനം

**ചോദ്യം**

ശ്രീ. എം.എ. വാഹീദ്
ശ്രീ. സി.പി.മുഹമ്മദ്
ശ്രീ. വർക്കല കഹാർ
ശ്രീ. എം.പി.വിൻസെൻറ്

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അലോപ്പതി ഒഴികെയുള്ള ചികിത്സാ സമ്പ്രദായങ്ങളുടെ സംയോജനത്തിനും വളർച്ചയ്ക്കുമായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | അലോപ്പതി ഒഴികെയുള്ള ചികിത്സാ സമ്പ്രദായങ്ങളുടെ സംയോജനത്തിനും വളർച്ചയ്ക്കുമായി സംസ്ഥാനത്ത് ആയുഷ് വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | ആയുർവേദ, യോഗ, നാച്ചുറോപ്പതി, യുനാനി, സിദ്ധ, ഹോമിയോപ്പതി എന്നീ ചികിത്സാ വിഭാഗങ്ങളുടെ സർവ്വതോൻമുഖമായ വികസനമാണ് ആയുഷ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം.<br>രോഗികൾക്ക് അവരവരുടെ താല്പര്യമനുസരിച്ച് ചികിത്സാ സമ്പ്രദായങ്ങളെ തിരഞ്ഞെടുക്കാൻ സാധിക്കും. ഡോക്ടർമാർക്ക് രോഗികളെ പരസ്പരം റഫർ ചെയ്യാൻ സാധിക്കും. പഴകിയ രോഗങ്ങൾക്ക് ഒരു സംയോജിത ചികിത്സ നൽകാൻ സാധിക്കും. |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | തിരുവനന്തപുരം ജില്ലയിലെ പൂന്തുറയിൽ എൻ.എച്ച്.എം.ന്റെ കീഴിൽ ഒരു ആയുഷ് ഹോളിസ്റ്റിക് കേന്ദ്രം ആരംഭിച്ചു. പ്രസ്തുത കേന്ദ്രത്തിലൂടെ ആയുർവ്വേദം, ഹോമിയോ, സിദ്ധ എന്നീ ചികിത്സാ സമ്പ്രദായങ്ങളുടെ സേവനം ഒരു കടക്കീഴിൽ ജനങ്ങളിലേയ്ക്ക് എത്തിക്കാൻ സാധിച്ചു. ഹോമിയോപ്പതി വകുപ്പിന് കീഴിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, മലപ്പുറം, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആയുഷ് ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനു സംസ്ഥാന ആയുഷ് മിഷന്റെ കീഴിൽ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ